**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 450**
**29.01.2019 -ലെ മറുപടിക്ക്**

**പൊഴിയൂർ യു.പി സ്കൂളിൽ ഫർണിച്ചർ വാങ്ങിയതിലെ ക്രമക്കേട്**

| **ചോദ്യം :**<br>**ശ്രീ. കെ.ആൻസലൻ** | **മറുപടി :**<br>**ഡോ.റ്റി.എം. തോമസ് ഐസക്**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| ചോദ്യം | മറുപടി |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ യു.പി സ്കൂളിൽ കുട്ടികൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങാൻ കോസ്റ്റൽ ഏര്യ ഡവലപ്മെന്റ് കോർപ്പറേഷൻ നൽകിയ ഫണ്ട് സർക്കാർ പർച്ചേയ്സ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച വിഷയം ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിൽ ഉള്ള ക്രമക്കേടുകൾ ആണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ യു.പി സ്കൂളിന് ഫർണിച്ചർ വാങ്ങാൻ കോസ്റ്റൽ ഏര്യ ഡവലപ്മെന്റ് കോർപ്പറേഷൻ നൽകിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധന റിപ്പോർട്ടിന്റെ കരട് അംഗീകാരത്തിനായി സമർപ്പണത്തിലാണ് . |
| (ബി) പൊഴിയൂർ യു.പി. സ്കൂളിൽ ഫർണിച്ചർ വാങ്ങാൻ സ്കൂൾ എച്ച്.എം. ടെണ്ടർ നടപടി സ്വീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ; | |
| (സി) ഫർണിച്ചർ വാങ്ങിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെങ്കിൽ സ്കൂൾ എച്ച്.എം. - ന്റെ പേരിൽ നടപടി സ്വീകരിക്കാൻ ധനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിനു നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ